മുമ്പാകെ നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 90 ശതമാനത്തോളം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക

23 (*443) ശ്രീ. എളമരം കരീം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക തീർക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് തയ്യാറാകുമോ ;

(ബി) പ്രസ്തുത കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീ. ഡോ. എം. കെ. മുനീർ) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ചെലവുകൾക്കായി മാത്രം 2015-16 ബഡ്ജറ്റിൽ 4800 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ മൂന്ന് തവണകളായാണ് ഇത് അനുവദിച്ച് വിതരണം ചെയ്യുന്നത്. ആദ്യത്തെ തവണയായി 1131,94,53,002 (ആയിരത്തി ഒരുനൂറ്റി മുപ്പത്തൊന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അമ്പത്തി മൂവായിരത്തി രണ്ട് രൂപ മാത്രം) 2015 മേയ് 19-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. കരാറുകാരുടെ കുടിശ്ശിക ഈ തുകയിൽനിന്നും കണ്ടെത്താവുന്നതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പും സാമ്പത്തിക പ്രതിസന്ധിയും

24 (*444) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly